Day 76 of 90 days ✝✝✝ 9th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ഇടയൻ എപ്പോഴും തന്റെ ആടുകളെപ്പററി അത്യധികം ശ്രദ്ധയുള്ളവനായിരിക്കേണ്ടതിന്റെ ആവശ്യം ഇതു കൂടെയാണ്. തന്റെ ആടുകൾ മേഞ്ഞുകൊണ്ട് നടക്കുന്നതിനിടയിൽ ഏതെങ്കിലും കാരണത്താൽ ഒരാട് എവിടെയെങ്കിലും വീണുപോയി എന്നുവരാം. അങ്ങനെ സംഭവിക്കുന്നതിനു വിവിധ കാരണങ്ങൾ ഉണ്ടാകാം എന്നതു ശരിയാണ്. എന്നാൽ അതിന്റെ ഫലം ആട് എഴുന്നേററ് മററാടുകളോടുകൂടെ വീണ്ടും നടക്കുവാൻ കഴിയാത്ത നിലയിൽ, വീണസ്ഥാനത്ത് കിടന്നു പോകുന്നു എന്നതാണ്. ഇടയൻ ശ്രദ്ധിക്കുന്നില്ലെങ്കിൽ, ആടിന് ആപത്ത് സംഭവിക്കുന്നു. അതുകൊണ്ടാണ് ഇടയൻ ദിവസവും വൈകിട്ട് തന്റെ ആടുകളെ എണ്ണി നോക്കാറുള്ളത്. തന്റെ ആടുകളെല്ലാം മടങ്ങിയെത്തിട്ടുണ്ടോ എന്ന് വ്യക്തമായും അറിയുന്നതിനാണ് ഇടയൻ അപ്രകാരം ചെയ്യുന്നത്. പൊതുവായി ഒന്നു നോക്കിയതുകൊണ്ടു മാത്രം എല്ലാ ആടുകളും ഉണ്ടോ എന്ന് അറിയുകയില്ല. അതുകൊണ്ട്, അവൻ അവയെ എണ്ണിനോക്കുന്നു. പലപ്പോഴും ജലാശയത്തിന്നരികിലേക്ക് ആടുകളെ നയിച്ചശേഷം അവ കിടന്നു വിശ്രമിക്കുവാൻ ആരംഭിക്കുമ്പോൾ ഇടയൻ അവയെ എണ്ണിനോക്കുന്നു. ആടുകൾ എവിടെയെങ്കിലും വീണുപോകുവാൻ സാദ്ധ്യതയുണ്ട് എന്നതാണ് അതിന്റെ കാരണം. ആടുകൾ വീണുപോയാൽ, ഒരിക്കലും അതിന് സ്വയമായി രക്ഷിപ്പാൻ കഴിയുകയില്ല എന്നതും ഒരു വസ്തുതയാണ്. ഇടയൻ അവിടെയെത്തി രക്ഷിക്കുന്നില്ലെങ്കിൽ, ആ ആടിന്റെ അവസ്ഥ വളരെ മോശമാകും. എന്നാൽ ഇവിടെ, നല്ല ഇടയനായ യേശുവിന്റെ ആടു പറയുകയാണ്, ' എന്റെ ഇടയൻ എന്റെ പ്രാണനെ പുനഃസ്ഥാപിക്കുന്നു'. വിശുദ്ധ ലൂക്കൊസ് 15 –ാം അദ്ധ്യായത്തിൽ കാണപ്പെടുന്ന കാണാതെപോയ ആടിന്റെ ഉപമയിൽ ഈ ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. പകൽ മുഴുവൻ ഇടയൻ ആടുകളെ പച്ചപുൽപ്പുറത്തും നിശ്ചലമായ ജലത്തിനരികത്തും മാറി മാറി നയിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനിടയിൽ ഒരു ആട് എങ്ങനെയോ ഒരു കുഴിയിൽ വീണു പോയി. അപ്പോൾ ഇടയൻ അത് അറിഞ്ഞില്ല. തനിക്കുണ്ടായ നഷ്ടത്തെപ്പററി യാതൊന്നും അറിയാത്ത ഇടയൻ തന്റെ ആടുകളെയെല്ലാം വൈകിട്ട് ആലയിലേക്ക് നയിച്ചു. സാധാരണപോലെ ആലയിലേക്ക് പ്രവേശിക്കുന്ന ആടുകളെ അവൻ എണ്ണി നോക്കി. ആകെ നൂറ് ആടുകൾ ഉണ്ടായിരുന്നു. ഇപ്പോൾ തൊണ്ണൂററിയൊൻപത് മാത്രമേയുള്ളു. ഒരെണ്ണം എവിടെയോ വീണുപോയിരിക്കുന്നു. തൊണ്ണൂററിയൊൻപത് ഉണ്ടല്ലോ, ഒന്നല്ലേ പോയുള്ളു, സാരമില്ല എന്നു പറഞ്ഞുകൊണ്ട് കിടന്നുറങ്ങുവാൻ ആ നല്ല ഇടയന് സാധിച്ചില്ല. കൂലിക്കാരനായ ഇടയനായിരുന്നെങ്കിൽ അപ്രകാരം ചെയ്യുമായിരുന്നു. അല്ലെങ്കിൽ ഈ രാത്രിയിൽ ഞാൻ എന്തു ചെയ്യുവാനാണ്. നേരം വെളുത്തിട്ട് പോയി നോക്കാം എന്നു പറഞ്ഞ് സ്വയം സമാധാനപ്പെടുവാൻ ശ്രമിക്കുമായിരുന്നു. എന്നാൽ സ്വന്തം ഇടയന് അപ്രകാരം പറഞ്ഞ് കൊണ്ടിരിക്കാൻ സാദ്ധ്യമല്ല.

തുടരും...